"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് വിനോദ നികുതി ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.17/2024/LSGD തീയതി,തിരുവനന്തപുരം, 31-01-2024

---

പരാമർശം:-
1. 24.06.20217-ലെ സ. ഉ (കൈ) നം. 123/2017/തസ്വഭവ ഉത്തരവ്.
2. 25.06.2022-ലെ സ. ഉ (കൈ) നം.110/2022/ധന ഉത്തരവ്.
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാന്റെ 24.04.2022-ലെ 1392/SRG/2022 നമ്പർ കത്ത്.
4. 18.01.2024-ലെ സ.ഉ(സാധാ)നം.137/2024/തസ്വഭവ ഉത്തരവ്.

**ഉത്തരവ്**

1) ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനോദ നികുതി ഈടാക്കുമ്പോൾ ചരക്കു സേവന നികുതി കൂടി ഉൾപ്പെട്ട് ഫലത്തിൽ ഇരട്ട നികുതി പ്രഭാവം ഉണ്ടാക്കുമെന്ന് നിരീക്ഷിക്കുകയും, ഇത് കുറയ്ക്കുവാൻ 10% നിരക്കിലുള്ള വിനോദ നികുതി ഈടാക്കണമെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. സർക്കാർ ഈ ശിപാർശ അംഗീകരിച്ചതു പ്രകാരം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ പരാമർശം (3) പ്രകാരം വിശദമായ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് ഈടാക്കേണ്ടതായ വിനോദ നികുതി നിരക്ക് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | വിനോദം | വിനോദ നികുതി നിരക്ക് |
|---|---|---|
| 1 | i)സിനിമ പ്രദർശനം-100 രൂപയോ അതിൽ കുറവോ payment for admission ഉള്ള ടിക്കറ്റുകൾക്ക് | 5% |
| | ii)സിനിമ പ്രദർശനം-100 രൂപയിൽ കൂടുതൽ payment for admission ഉള്ള ടിക്കറ്റുകൾക്ക് | 8.5% |

| | | |
|---|---|---|
| | | |
| 2 | 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ആക്ടിലെ വകുപ്പ് 3B-യിൽ പ്രതിപാദിക്കുന്ന ഇനങ്ങൾക്ക് | 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ആക്ടിലെ വകുപ്പ് 3B-യിൽ പ്രതിപാദിക്കുന്ന നിരക്ക് |
| 3 | 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ആക്ടിലെ വകുപ്പ് 6A-യിൽ പ്രതിപാദിക്കുന്ന ഇനങ്ങൾക്ക് | 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ആക്ടിലെ വകുപ്പ് 6A-യിൽ പ്രതിപാദിക്കുന്ന നിരക്ക് |
| 4 | മറ്റുള്ളവ | ഓരോ ടിക്കറ്റിന്റെയും payment for admission-ന്റെ 10% |

3) 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ടിലെ വകുപ്പ് 3Cയും, SRO No. 28/2013 നമ്പർ വിജ്ഞാപനവും അനുസരിച്ച് 2010-ലെ കേരള കൾച്ചറൽ ആക്ടിവിറ്റീസ് വെൽഫെയർ ഫണ്ടിലേക്ക് 25/- രൂപയിൽ കൂടുതലുള്ള ഓരോ സിനിമാ ടിക്കറ്റിൻമേലും 3/- രൂപ സെസ് ചുമത്തിയിട്ടുണ്ട്. സിനിമാ ടിക്കറ്റിന്മേലുള്ള പ്രസ്തുത സെസ് 1962-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ചട്ടങ്ങളിലെ ചട്ടം 40B അനുസരിച്ച് വിനോദ നികുതിയോടൊപ്പം ഈടാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (4) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിനോടൊപ്പം തന്നെ വിനോദ നികുതി ചോർച്ച തടയുന്നതിനായി സിനിമാ തിയേറ്ററുകളിലും വിനോദ നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളിലും ചെക്കിംഗ് നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന രീതി തുടരേണ്ടതാണ് എന്നും, ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന് പ്രതിമാസം 500 രൂപ അലവൻസായി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

4) ചരക്കു സേവന നികുതി നിലവിൽ വന്നതിനെ തുടർന്ന് 2017 ജൂലൈ 1 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദനികുതി ഒഴിവാക്കി കൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീതാലക്ഷ്മി എം ബി

അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.

2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

3. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.

4.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

5. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്.

6. ധനകാര്യ (എസ്. എഫ്. സി) വകുപ്പ്.

7.പി & എ.ആർ.ഡി (വെബ് & ന്യൂ മീഡിയ).

8.കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർസി 2/105/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Pradeesh M
Date: 31-01-2024 11:04:20